# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 30-11-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **180**

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ടി.എൻ.പ്രതാപൻ :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. വി.പി.സജീന്ദ്രൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ; | (ബി) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കുഗതാഗതത്തിന്റെ 15% 2015-ഓടുകൂടിയും 40% 2020-ഓടെയും 50% 2030-ഓടുകൂടിയും തീരദേശകപ്പൽ ഗതാഗതംവഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 9/11/13-ന് ബഹു. കേരള മുഖ്യമന്ത്രി നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്ക ഗതാഗതം നടത്താൻ |

തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30/10/2014-ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്കും വ്യാപിക്കും.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ?

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.. തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൌകര്യവികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖങ്ങളിലെ ചാനലിന്റേയും , ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. ഡ്രഡ്ജറിന്റെ കമ്മീഷനിംഗ് അവസാനഘട്ടത്തിലാണ്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം,കൊല്ലം, അഴീക്കൽ,ബേപ്പൂർ, എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകൾ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട് വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും, വലിച്ച് മാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ കമ്മീഷൻ ചെയ്തു. ഇവയുടെ നിർമ്മാണത്തിന് 9 കോടി രൂപയോളം ചെലവായി. 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം

കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ , അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൌണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യമാംസാദികൾ, പച്ചക്കറികൾ, തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചു.

സെക്ഷൻ ഓഫീസർ